ഉത്തരം

(എ) 965 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്താവുന്നതാണ്.

165 (3180) കോഴിക്കോട് നഗരത്തിലെ പ്ലസ് ടൂ കോഴ്സുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഏതെല്ലാം സ്കൂളുകളിൽ ഏതെല്ലാം പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഒരു സർക്കാർ കോളേജും അഞ്ച് പ്രൈവറ്റ് കോളേജുകളും ഉള്ള കോഴിക്കോട് നഗരത്തിൽ നിലവിൽ അനുവദിച്ച പ്ലസ് ടൂ കോഴ്സുകൾ അപര്യാപ്തമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 500 മാർക്കിലധികം ലഭിച്ച വിദ്യാർത്ഥികൾക്കുപോലും പ്ലസ് ടൂ ക്ലാസ്സുകളിൽ പ്രവേശനം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കൂടുതൽ പ്ലസ് ടൂ കോഴ്സുകൾ നഗരത്തിലെ സ്കൂളുകളിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിലുള്ള പ്ലസ് ടൂ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

	സ്കൂളുകളുടെ പേര്	സയൻസ്	ഹ്യൂമാനിറ്റീസ്	കോമേഴ്സ്
1.	ഗവ. എച്ച്.എസ്. എസ്. ഈസ്റ്റ് ഹിൽ	2	-	-
2.	ഗവ. എച്ച്.എസ്.എസ്. (മോഡൽ ബോയിസ്)	1	1	1
3.	സി.ജെ.എം.എച്ച്.എസ്.എസ്.	1	1	1
4.	സെന്റ് ജോസഫ് എച്ച്.എസ്.എസ്.	2	1	1
5.	സാമൂതിരി എച്ച്.എസ്.എസ്. തളി	1	2	2
6.	ഗണപത് എച്ച്.എസ്.എസ്. (ചാലപ്പുറം)	1	1	1
7.	ഗവ. എച്ച്.എസ്.എസ്. (മെഡിക്കൽ കോളേജ്)	2	-	1
8.	റഹ്മാനിയ എച്ച്.എസ്.എസ്.			

LIBRARY ARCHIVES Kerala Legislative Assembly

(ഫോർ ഹാൻഡികാപ്ഡ്) 3 - 1

(ബി) 810 സീറ്റുകൾ ഡീലിങ്കു ചെയ്തപ്പോൾ 1200 സീറ്റുകൾ സ്കൂളുകളിൽ ഡീലിങ്കിനുശേഷം അനുവദിച്ചിച്ചുണ്ട്.

(സി) ഇങ്ങനെ ഒരു പരാതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പിരിവ് 'ബി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

166 (3181) സ്കൂളിന്റെ വാടക കുടിശ്ശിക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര സർക്കാർ സ്കൂളുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയ്ക്ക് വർഷംതോറും എത്ര രൂപ വാടകയിനത്തിൽ സർക്കാർ ചെലവഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വാടകയിനത്തിൽ കെട്ടിട ഉടമസ്ഥർക്ക് എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്;

(ഡി) വാടക കൊടുക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) എ.ആർ. നഗർ ജി.യു.പി. സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയിനത്തിൽ എത്ര രൂപ കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടു; വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) പ്രസ്തുത വാടക കുടിശ്ശിക എത്രയുംവേഗം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 173 സ്കൂളുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഓരോ വർഷവും 22,07,089 രൂപ വാടകയിനത്തിൽ ചെലവഴിക്കുന്നുണ്ട്.

(സി) 30.6.1999 വരെ 52,03,236 രൂപ കുടിശ്ശികയുണ്ട്.

(ഡി) 1999-2000 വർഷത്തെ ബഡ്ജറ്റിൽ 73 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) 30.6.99 വരെ 86,118 രൂപ കുടിശ്ശിക ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) പ്രസ്തുത പരാതി അനന്തര നടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly